(സി) പ്രസ്തുത ജീവനക്കാർ എത്ര വർഷമായി ജോലി ചെയ്തുവരുന്നവരാണെന്നും ഇവർക്ക് എന്തുതുക നഷ്ടപരിഹാരമായി നൽകിയെന്നും വെളിപെടുത്താമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതൊക്കെ തസ്തികകളിൽ ആരെയൊക്കെ പുതുതായി നിയമിച്ചു;

(ഇ) ഇവരുടെ പ്രതിമാസ ശമ്പളം എത്ര രൂപയാണ്;

(എഫ്) മാനേജിംഗ് ഡയറക്ടറുടെ നിയമനം നടത്തിയിരിക്കുന്നത് പി.എസ്.സി. മുഖേനയാണോ;

(ജി) പൊതുമേഖലാ സ്ഥാപനങ്ങളിലേയ്ക്കുള്ള ചട്ടങ്ങൾ ലംഘിച്ച് നിയമനം നടത്തിയ കേരള സ്റ്റേറ്റ് ഹോർട്ടികൾച്ചറൽ പ്രോഡക്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) അഞ്ചു ജില്ലാ ഓഫീസുകൾ നിർത്തലാക്കി. അസിസ്റ്റന്റ് മാനേജർ, ഓഫീസ് അസിസ്റ്റന്റ്, കമ്പ്യൂട്ടർ പ്രോഗ്രാമർ, വർക്കർ തുടങ്ങിയ തസ്തികകളിൽ കരാറടിസ്ഥാനത്തിലും ദിവസ വേതന വ്യവസ്ഥയിലും ജോലി ചെയ്തിരുന്ന അധികം വന്ന 156 പേരെ പിരിച്ചുവിട്ടിട്ടുണ്ട്.

(സി) ഒരു വർഷം മുതൽ നാലു വർഷംവരെ ജോലി ചെയ്തവർ പിരിച്ചു വിടപ്പെട്ട കൂട്ടത്തിലുണ്ട്. കരാർ അടിസ്ഥാനത്തിലും ദിവസ വേതന വ്യവസ്ഥയിലും ജോലി ചെയ്തിരുന്നവരായതിനാൽ നഷ്ടപരിഹാരം നൽകിയിട്ടില്ല.

(ഡി) ഒരു സ്ഥിരനിയമനവും നടത്തിയിട്ടില്ല. അധികംവന്ന 156 ജീവനക്കാരെ പിരിച്ചുവിട്ടതിനുശേഷം സർവ്വീസിൽ തുടർന്നിരുന്ന മാനേജർ, അക്കൗണ്ട്സ് ഓഫീസർ/ അസിസ്റ്റന്റ് തസ്തികകളിൽ പ്രവർത്തിച്ചിരുന്ന 10 ജീവനക്കാർ മറ്റു ജോലികൾ കിട്ടി പിരിഞ്ഞുപോവുകയുണ്ടായി. ഇവർക്ക് പകരമായി 5 പേരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

(ഇ) ഇവരുടെ പ്രതിമാസ ശമ്പളം 2,500 രൂപ മുതൽ 4,000 രൂപ വരെയാണ്.

(എഫ്) അല്ല. (ഈ കോർപ്പറേഷൻ ഉണ്ടായ കാലം മുതൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണ് മാനേജിംഗ് ഡയറക്ടർമാരെ നിയമിച്ചിട്ടുള്ളത്.)

(ജി) 156 ജീവനക്കാരെ പിരിച്ചുവിട്ടശേഷം 5 പേരെ കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ഇതിൽ ചട്ടങ്ങളുടെ ലംഘനമൊന്നും ഇല്ലാത്തതിനാൽ മാനേജിംഗ് ഡയറക്ടർക്കെതിരെ നടപടി സ്വീകരിക്കേണ്ടതില്ല.

കോട്ടയം ജില്ലയിലുള്ള കോഴയിലെ കൃഷിഫാം

93 [1102] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലുള്ള കോഴയിലെ കൃഷിഫാമിൽ എത്ര തൊഴിലാളികൾ ഇപ്പോൾ ജോലി ചെയ്യുന്നുണ്ട് എന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ സ്ഥിരം തൊഴിലാളികൾ, താല്ക്കാലിക തൊഴിലാളികൾ, സീസണൽ തൊഴിലാളികൾ എന്നിവർ എത്ര വീതം എന്നറിയിക്കാമോ;

(സി) 1996-97-ൽ എത്ര തൊഴിലാളികളെയാണ് ഇവിടെ സ്ഥിരപ്പെടുത്തിയത്;

(ഡി) ഇതിനുശേഷം തൊഴിലാളികളെ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് വർഷം എന്നും, എത്ര തൊഴിലാളികളെ എന്നും വ്യക്തമാക്കാമോ;

(ഇ) ഈ ഫാമിന് എത്ര ഹെക്ടർ സ്ഥലം ഉണ്ട്;

(എഫ്) ഏതൊക്കെ വിളകളാണ് ഇവിടെ കൃഷി ചെയ്യുന്നത് എന്ന് വ്യക്തമാക്കാമോ;

(ജി) ഈ ഫാമിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 118 തൊഴിലാളികൾ.

(ബി) സ്ഥിരം തൊഴിലാളികൾ .. 21
താൽക്കാലിക തൊഴിലാളികൾ .. 97
സീസണൽ തൊഴിലാളികൾ .. ഇല്ല.

(സി) 1996-97-ൽ തൊഴിലാളികളെ സ്ഥിരപ്പെടുത്തിയില്ല.

(ഡി) 1997-1998 .. 2 തൊഴിലാളികൾ
2000-2001 .. 1 തൊഴിലാളി
2002-2003 .. 15 തൊഴിലാളികൾ.

(ഇ) 11.72 ഹെക്ടർ.

(എഫ്) നെല്ല്, മൈനർ ട്യൂബേർസ്, തെങ്ങ്, ഏത്തവാഴ, ഇഞ്ചി, മഞ്ഞൾ, ചീര, കുരുമുളക് മുതലായവ.

(ജി) മെച്ചപ്പെട്ടുവരുന്നു.

വെങ്ങേരി കാർഷിക മൊത്തവ്യാപാര വിപണന കേന്ദ്രം

94 [1103] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ വെങ്ങേരി കാർഷിക മൊത്തവ്യാപാര വിപണന കേന്ദ്രം പ്രവർത്തിച്ചു തുടങ്ങിയോ;

(ബി) എങ്കിൽ ഇപ്പോൾ എന്തൊക്കെ കാർഷിക വിഭവങ്ങളാണ് ഈ വ്യാപാര വിപണന കേന്ദ്രത്തിൽ വിൽപ്പനയ്ക്ക് എത്തുന്നത്;

(സി) ഇതിന്റെ പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കാനുള്ള സംവിധാനം എന്തൊക്കെയാണ്;

(ഡി) ഈ കേന്ദ്രത്തിൽ ഇപ്പോൾ എത്ര ജീവനക്കാർ പ്രവർത്തിച്ചുവരുന്നുണ്ട്;

(ഇ) കച്ചവടക്കാർക്ക് വാടകയ്ക്ക് കൊടുക്കുവാൻ എത്ര മുറികളാണ് സജ്ജമായിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly